www.kollamcity.keralapolice.gov.in

Dated 13/11/ 2017

# വീടുകുത്തിത്തുറന്ന് മോഷണം, പ്രതികൾ അറസ്റ്റിൽ.

## തുമ്പുണ്ടായത് ഏകദേശം ഇരുപതോളം മോഷണക്കേസുകൾക്ക്.

കൊല്ലം : കൊല്ലം നഗരത്തിലും പരിസര ജില്ലകളിലും ഭീതിയിലാക്കി രാത്രികാലങ്ങളിൽ കാറിലെത്തി പൂട്ടിക്കിടക്കുന്ന വീടുകൾ കുത്തിത്തുന്ന് ഗൃഹോപകരണങ്ങൾ ഉൾപ്പെടെ സർവ്വതും മോഷണം




നടത്തുന്ന സംഘത്തിലെ രണ്ടു പേരെ കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീമതി അജിതാ ബേഗം ഐ.പി.എസ്സിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഷാഡോ പോലീസ് സംഘം അറസ്റ്റ് ചെയ്തു. തമിഴ് നാട് ചെങ്കോട്ട വിശ്വനാഥ പുരം എം എം കോളനിയിൽ മുഹമ്മദ് സർപ്പുദിയുടെ മകൻ അക്ബർ ജിലാനി (28), തമിഴ് നാട് ചെങ്കോട്ട വിശ്വനാഥ പുരം ലക്ഷ്മിനഗറിൽ നൂറുദീന്റെ മകൻ അജ്മീർ ഹാജ ഷെരീഫ് (25) എന്നിവരാണ് പോലീസ് പിടിയിലായത്. ഇവരുടെ കൂട്ടുപ്രതി ദിവാൻ ഒളി നേരത്തെ മോഷണശ്രമത്തിനിടെ പോലീസ് പിടിയിലായിരുന്നു. ഇവരുടെ സംഘാംഗങ്ങളായ മറ്റുള്ളവരെക്കുറിച്ച് പോലീസിന് വ്യക്തമായ വിവരം ലഭിച്ചിട്ടുെ ന്നും ഇവർ വരും ദിവസങ്ങളിൽ പോലീസ് പിടിയിലാകുമെന്നും കമ്മീഷണർ അറിയിച്ചു. ഇതിൽ അക്ബർ ജിലാനി കൊല്ലം സ്വദേശിനിയായ യുവതിയെ വിവാഹം കഴിച്ച് കഴിഞ്ഞ രണ്ടു വർഷമായി ധവളക്കുഴി സുനാമി ഫ്ളാറ്റിൽ താമസിച്ചു വരികയായിരുന്നു.

കൊല്ലം ജില്ലയിലും പരിസര ജില്ലകളിലും ഈ അടുത്തകാലത്ത് പൂട്ടിക്കിടക്കുന്ന വീടുകൾ കുത്തിത്തുറന്നുള്ള മോഷണം വ്യാപകമായിരുന്നു. ആടു ആൻറണിയുടേതിന് സമാനമായ മോഷണങ്ങളാണ് പലയിടത്തും നടന്നത്. പൂട്ടിക്കിടക്കുന്ന വീടായതിനാലും സി.സി.റ്റി.വി. ക്യാമറ ഉൾപ്പെടെ സർവ്വതും മോഷണം നടത്തുന്നതിനാലും പോലീസിന് യാതൊരു തുമ്പും ലഭിച്ചുരുന്നില്ല. ഇതിനെതുടർന്ന് കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക സംഘം രൂപീകരിക്കുകയും ഈ സംഘം നടത്തിയ അന്വേഷണത്തിലൊടുവിലാണ് പ്രതികൾ വലയിലായത്. ഈ സംഘം കൊല്ലം നഗരത്തിലെയും, പരിസര ജില്ലകളിലെയും ഏകദേശം



ഇരുനൂറോളം സി.സി.റ്റി.വി. ക്യാമറകളും രണ്ടു ലക്ഷത്തോളം മൊബൈൽ ഫോൺ രേഖകളും പരിശോധിച്ച് വളരെ തന്ത്രപരമായി പ്രതികളെ വലയിലാക്കുകയായിരുന്നു.

തമിഴ്നാട് ചെങ്കോട്ട സ്വദേശികളായ ഇവർ അഞ്ചലിൽ നിന്നും തമിഴ് നാട്ടിൽ നിന്നും വാഹനം വാടകയ്ക്ക് എടുത്ത ശേഷം ആ വാഹനത്തിൽ കറങ്ങി നടന്നാണ് മോഷണം നടത്തുന്നത്. വീടിന് മുൻവശം ഗേറ്റ് പൂട്ടിയിരിക്കുന്നത് ശ്രദ്ധയിപെട്ടാൽ സംഘം വാഹനം പാർക്ക് ചെയ്ത ശേഷം വീടിന്റെ മുൻവശത്തെ കതക് തകർത്ത് ഉള്ളിൽ പ്രവേശിച്ച് സ്വർണ്ണം, പണം, ഗൃഹോപകരണങ്ങൾ, സൗന്ദര്യവർദ്ധക വസ്തുക്കൾ, ആഹാര സാധനങ്ങൾ ഉൾപ്പെടെ സർവ്വതും മോഷണം നടത്തുന്നതാണ് ഇവരുടെ രീതി. മോഷണം ചെയ്ത് കിട്ടുന്ന പണം ആഡംബര ജീവിതത്തിനും കാറിൽ കറങ്ങി നടക്കുന്നതിനും വില കൂടിയ വസ്ത്രങ്ങൾ വാങ്ങുന്നതിനുമാണ് ഇവർ ഉപയോഗിക്കുന്നത്.



കൊല്ലം ഈസ്റ്റ്, കൊല്ലം വെസ്റ്റ്, ഇരവിപുരം, കൊട്ടിയം, ശക്തികുളങ്ങര, കുണ്ടറ, കൊട്ടാരക്കര എന്നീ പോലീസ് സ്റ്റേഷനുകളിലെ ഏകദേശം ഇരുപതോളം മോഷണക്കേസുകൾക്കാണ് ഇവരുടെ അറസ്റ്റോടെ തുമ്പുണ്ടായത്. ഇവരുടെ പക്കൽ നിന്നും സ്വർണ്ണം, എൽ സി ഡി റ്റി വികൾ, ലാപ്പ് ടോപ്പ്കൾ, മൊബൈൽ ഫോണുകൾ, ഡിവിഡി പ്ലേയറുകൾ, വാച്ചുകൾ, പ്രിൻറർ, ടാബുകൾ, പെൻഡ്രൈവുകൾ, മറ്റ് ഇലക്ട്രോണിക്ക് ഉപകരണങ്ങൾ എന്നിവ പോലീസ് പിടിച്ചെടുത്തിട്ടു ്.



കൊല്ലം സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർ ഷിഹാബുദീൻ, കൊല്ലം അസിസ്റ്റന്റ് കമ്മീഷണർ ജോർജ്ജ് കോശി, ഇരവിപുരം സി ഐ പങ്കജാക്ഷൻ, കൊട്ടിയം സി ഐ അജയ് നാഥ്, ഷാഡോ പോലീസ് എസ്.ഐ. വിപിൻ കുമാർ, ഇരവിപുരം എസ് ഐ ഉമറുൾ ഫറൂഖ്, ഷാഡോ പോലീസുകാരായ ഹരിലാൽ, വിനു, സജു, സീനു, മനു, മണികണ്ഠൻ, സൈബർ സെൽ ഉദ്യോഗസ്ഥരായ ഷാൻസിംഗ്, നിയാസ്, പ്രതാപൻ, എന്നിവരുടെ നേതൃത്വത്തിലാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.